പഞ്ചായത്ത് ജീവനക്കാർ.

*156. [29] ശ്രീ. പി. നാരായണൻ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പ്രാദേശികസ്വയംഭരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ എക്സിക്യൂട്ടീവ് ഓഫീസറന്മാരായി നിയമനം കിട്ടുന്നതിനു് നിലവിലുള്ള പഞ്ചായത്തുകളിലെ ക്ലാർക്കന്മാർ തുടങ്ങിയ എത്ര ജീവനക്കാർ അപേക്ഷകരായിരുന്നു;

(ബി) അവരിൽ എത്ര പേരെ തിരഞ്ഞെടുത്തു; എത്ര പേരെ നിയമിച്ചു?

പ്രാദേശികസ്വയംഭരണവകുപ്പ് മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 97.

(ബി) 74 പേരെ തിരഞ്ഞെടുത്തു 74 പേരെയും നിയമിച്ചു.

UNSTARRED QUESTIONS AND ANSWERS.

വരണാധികാരികൾ.

6. [3] ശ്രീ. പി. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പ്രാദേശികസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) അടുത്തു നടന്ന കാർപ്പറേഷൻ മുനിസിപ്പൽ തെരഞ്ഞെടുപ്പുകളിൽ എത്ര മുനിസിപ്പൽ കമ്മീഷണർമാരെ അതതു മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ വരണാധികാരികളായി നിയമിച്ചിട്ടുണ്ടു്;

(ബി) അവർ ആകെ എത്ര നാമനിർദ്ദേശപത്രിക തള്ളിയിട്ടുണ്ടു്;

(സി) അതിൽ എത്രപേർ അപ്പീൽ ബോധിപ്പിക്കുകയുണ്ടായി;

(ഡി) അതിൽ എത്ര തള്ളി; എത്ര അനുവദിച്ചു;

(ഇ) ഇതിൽ തിരുവനന്തപുരം കാർപ്പറേഷനിലെ റിട്ടേണിംഗ് ഓഫീസർ ആരാണു്;

(എഫ്) കാർപ്പറേഷനിൽ എത്ര പേപ്പർ തള്ളി, അപ്പീൽ മുഖേന എത്ര പേപ്പർ അംഗീകരിച്ചു?

ഉത്തരം.

(എ) എല്ലാ മുനിസിപ്പൽ കമ്മീഷണർമാരേയും അതതു മുനിസിപ്പൽ പരിധികളിലെ ഇലക്ഷൻ ഓഫീസറന്മാരായി നിയമിച്ചിട്ടുണ്ടു്

(ബി) 102.

(സി) 20.

(ഡി) 8 എണ്ണം തള്ളി. 12 എണ്ണം അനുവദിച്ചു.

(ഇ) കാർപ്പറേഷൻ കമ്മീഷണർ.

(എഫ്) 9 എണ്ണം തള്ളി. അപ്പീൽ മുഖേന 6 എണ്ണം അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly